**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 284** **23-08-2022 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യസംസ്കരണ നയരൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഭക്ഷ്യസംസ്കരണ മേഖലയിൽ കേരളത്തിനുള്ള വളർച്ചാ സാധ്യതകളും തൊഴിൽ സാധ്യതകളും പ്രയോജനപ്പെടുത്തുന്നതിനായി ഭക്ഷ്യസംസ്കരണ നയം രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഭക്ഷ്യസംസ്കരണ നയം പ്രത്യേകമായി രൂപീകരിച്ച് പുറപ്പെടുവിച്ചിട്ടില്ല. നിലവിലുള്ള വ്യവസായ വാണിജ്യ നയത്തിൽ കാർഷിക ഭക്ഷ്യസംസ്കരണവും, ഭക്ഷ്യോദ്പാദന വ്യവസായവും കൃഷി സംബന്ധിച്ച വ്യവസായങ്ങൾക്കും പ്രത്യേക ഊന്നൽ നൽകി നയം രൂപീകരിച്ചിട്ടുണ്ട്. കൃഷി അടിസ്ഥാനമാക്കിയുള്ള ഉൽപ്പന്നങ്ങളും, ഉപോൽപ്പന്നങ്ങളും ഉദ്പാദിപ്പിക്കുന്ന വ്യവസായങ്ങൾക്ക് പ്രത്യേക പാർക്കുകളും, സർക്കാർ ഏജൻസികൾ വഴിയുള്ള സാമ്പത്തിക സാങ്കേതിക സഹായങ്ങളും ഉറപ്പ് വരുത്തിയിട്ടുണ്ട്. കൂടാതെ സമുദ്രോത്പന്നങ്ങൾ പ്രോസസ്ഡ് ഫുഡ്, കയർ, നാളികേരം, കപ്പ,സുഗന്ധവ്യഞ്ജനങ്ങൾ മുതലായ മൂല്യവർദ്ധിത ഉദ്പാദനത്തെ ത്വരിതപ്പെടുത്തുന്ന തരത്തിൽ അനുബന്ധ വ്യവസായ പാർക്കുകൾ സംസ്ഥാനത്ത് വിവിധ ഭാഗങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ പ്രധാനമന്ത്രി ഭക്ഷ്യ സംസ്കരണ സംരംഭകരുടെ രൂപവൽക്കരണ പദ്ധതി (PMFME)-യുമായി സഹകരിച്ചുകൊണ്ട് ഓരോ ജില്ലയിലും പ്രാമുഖ്യമുള്ള ഒരു ഉൽപ്പന്നത്തെ തെരഞ്ഞെടുത്ത് ഒരു ജില്ല ഒരു ഉൽപ്പന്നം (ODOP) പദ്ധതി ആരംഭിക്കുകയും 9 ഉൽപ്പന്നങ്ങൾ കേരളത്തിലെ 14 ജില്ലകളുടെ ODOP ആയി കേന്ദ്ര സർക്കാരിന്റെ ഭക്ഷ്യസംസ്കരണ മന്ത്രാലയം അംഗീകരിച്ചിട്ടുള്ളതുമാണ്. |
| (ബി) | ഭക്ഷ്യസംസ്കരണ വ്യവസായത്തിന്റെ വളർച്ച സംസ്ഥാനത്ത് ശക്തിപ്പെടുത്തുന്നതിനും സുസ്ഥിരമാക്കുന്നതിനും ഇതുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്നവർക്കും പ്രാദേശിക സംരംഭകർക്കും പ്രയോജനപ്പെടുത്തുന്നതിനുമായി ഭക്ഷ്യസംസ്കരണ നയം രൂപീകരിച്ച് നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | ഭക്ഷ്യസംസ്കരണ നയം പ്രത്യേകമായി രൂപീകരിച്ച് പുറപ്പെടുവിച്ചിട്ടില്ല. നിലവിലുള്ള വ്യവസായ വാണിജ്യ നയത്തിൽ കാർഷിക ഭക്ഷ്യസംസ്കരണവും, ഭക്ഷ്യോദ്പാദന വ്യവസായവും കൃഷി സംബന്ധിച്ച വ്യവസായങ്ങൾക്കും പ്രത്യേക ഊന്നൽ നൽകി നയം രൂപീകരിച്ചിട്ടുണ്ട്. കൃഷി അടിസ്ഥാനമാക്കിയുള്ള ഉൽപ്പന്നങ്ങളും, ഉപോൽപ്പന്നങ്ങളും ഉദ്പാദിപ്പിക്കുന്ന വ്യവസായങ്ങൾക്ക് പ്രത്യേക പാർക്കുകളും, സർക്കാർ ഏജൻസികൾ വഴിയുള്ള സാമ്പത്തിക സാങ്കേതിക |

| | | | |
|---|---|---|---|
| | | | സഹായങ്ങളും ഉറപ്പ് വരുത്തിയിട്ടുണ്ട്. കൂടാതെ സമുദ്രോത്പന്നങ്ങൾ പ്രോസസ്ഡ് ഫുഡ്, കയർ, നാളികേരം, കപ്പ,സുഗന്ധവ്യഞ്ജനങ്ങൾ മുതലായ മൂല്യവർദ്ധിത ഉദ്പാദനത്തെ ത്വരിതപ്പെടുത്തുന്ന തരത്തിൽ അനുബന്ധ വ്യവസായ പാർക്കുകൾ സംസ്ഥാനത്ത് വിവിധ ഭാഗങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ പ്രധാനമന്ത്രി ഭക്ഷ്യ സംസ്കരണ സംരംഭകരുടെ രൂപവൽക്കരണ പദ്ധതി (PMFME)-യുമായി സഹകരിച്ചുകൊണ്ട് ഓരോ ജില്ലയിലും പ്രാമുഖ്യമുള്ള ഒരു ഉൽപ്പന്നത്തെ തെരഞ്ഞെടുത്ത് ഒരു ജില്ല ഒരു ഉൽപ്പന്നം (ODOP) പദ്ധതി ആരംഭിക്കുകയും 9 ഉൽപ്പന്നങ്ങൾ കേരളത്തിലെ 14 ജില്ലകളുടെ ODOP ആയി കേന്ദ്ര സർക്കാരിന്റെ ഭക്ഷ്യസംസ്കരണ മന്ത്രാലയം അംഗീകരിച്ചിട്ടുള്ളതുമാണ്. |
| (സി) | ഭക്ഷ്യസാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) | ഭക്ഷ്യസാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് സപ്ലൈകോ നടത്തുന്ന വിപണിയിടപെടൽ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സപ്ലൈകോ വില്പനശാലകളിലൂടെ 13 ഇനം ഭക്ഷ്യ ധാന്യങ്ങൾ സബ്സിഡി നിരക്കിൽ പൊതുവിപണി വിലയേക്കാൾ വളരെ കുറഞ്ഞ വിലയിൽ സംസ്ഥാനത്തെ എല്ലാ റേഷൻ കാർഡ് ഉടമകൾക്കും നൽകിവരുന്നുണ്ട്.<br><br>കൂടാതെ സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം അവശ്യ ഭക്ഷ്യസാധനങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ഇത് കൂടാതെ തേയില, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റു വരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, ഫാസ്റ്റ് മൂവിംഗ് കൺസ്യൂമർ ഗുഡ്സ് (വേഗം ചെലവാകുന്ന ഇനങ്ങൾ) ഉൽപ്പന്നങ്ങളും MRPയേക്കാൾ/ മാർക്കറ്റ് വിലയേക്കാൾ 5% മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. ഈ നടപടി മൂലം പൊതു വിപണിയിലുണ്ടാകുന്ന വിലക്കയറ്റം സാധാരണക്കാരിൽ അധിക ബാധ്യത ഏൽപ്പിക്കുന്നില്ലായെന്നതിൽ ഉറപ്പ് വരുത്തുന്നതിന് സാധിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | സപ്ലൈകോ വിൽപന ശാലകളിലൂടെ വില്പന നടത്തുന്ന സബ്സിഡി സാധനങ്ങളുടെയും നോൺ-സബ്സിഡി സാധനങ്ങളുടെയും വില്പന വർദ്ധിപ്പിക്കുന്നതിനായി സാധനങ്ങളുടെ ലഭ്യതയും ഗുണനിലവാരവും ഉറപ്പ് വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതുവഴി പൊതുജനങ്ങൾക്ക് നല്ല ഗുണനിലവാരമുള്ള സാധനങ്ങൾ പൊതുവിപണി വിലയേക്കാൾ കുറഞ്ഞ വിലയിൽ വാങ്ങുവാൻ സാധിക്കുന്ന സാഹചര്യമൊരുക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ ഉപഭോക്താക്കളെ ആകർഷിക്കുന്നതിനായി വിവിധ സമ്മാന പദ്ധതികളും സമൂഹമാധ്യമങ്ങളിലൂടെ സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ശബരി ഉല്പന്നങ്ങളെക്കുറിച്ച് പ്രചരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. 2016 മുതൽ സപ്ലൈകോ സബ്സിഡി നിരക്കിൽ വിപണനം നടത്തി വരുന്ന 13 ഇനം സാധനങ്ങളുടെ വില നാളിതുവരെ വർദ്ധിപ്പിച്ചു നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ